ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എ. ജയിംസ് രാജ്)

നമ്പർ. 15563/2020/ഇ 9/ഡിപി

തിരുവനന്തപുരം
തീയതി. 21/10/2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ കംപ്യൂട്ടിംഗ് വിഭാഗത്തിൽ ജീവനക്കാരനെ പ്രവർത്തനക്രമീകരണാർത്ഥം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 24/09/2020 തീയതിയിലെ 5098/2018/ഇ 1 നമ്പർ കത്ത്.

### ഉത്തരവ്

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ കംപ്യൂട്ടിംഗ് സെക്ഷനിൽ സമയബന്ധിതമായി ചെയ്യേണ്ട ജോലികൾ പൂർത്തീകരിക്കുവാൻ ജീവനക്കാരുടെ കുറവുമൂലം സാധിക്കുന്നില്ല എന്ന് പരാമർശ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ എറണാകുളം ഗവൺമെന്റ് പ്രസ്സിലെ കംപ്യൂട്ടിംഗ് സൂപ്പർവൈസർ ശ്രീ. വേണുഗോപാലൻ. വി യെ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സർക്കാർ സാധൂകരണത്തിന് വിധേയമായി പ്രവർത്തനക്രമീകരണാർത്ഥം മൂന്ന് മാസകാലയളവിലേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ജീവനക്കാരൻ സൂപ്പർവൈസറി തസ്തികയിലാണെങ്കിലും ടി സെക്ഷനിലെ കംപ്യൂട്ടിംഗ് ജോലികൾ കുടിശ്ശികയുള്ളതുൾപ്പെടെ ചെയ്തു തീർക്കേണ്ടതാണ്. ടിയാനെ എറണാകുളം ഗവൺമെന്റ് പ്രസ്സിൽ നിന്നും വിടുതൽ ചെയ്ത് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും മൂന്ന് മാസം പൂർത്തിയാകുന്നമുറയ്ക്ക് ഇനിയൊരുത്തരവ് കൂടാതെ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിന്നും എറണാകുളം ഗവൺമെന്റ് പ്രസ്സിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തിക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, എറണാകുളം/ഷൊർണ്ണൂർ/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട്ഇ II/
ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ.